# പിന്നാക്ക വിഭാഗ വികസന വകുപ്പ് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ - അനിൽ. ജി, PEN-487185)

വിഷയം : പി.വി.വി – എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാം 2019-20 മെഡിക്കൽ/എഞ്ചിനീയറിംഗ് വിഭാഗത്തിലെ **പ്രത്യേക പരിഗണന അർഹിക്കുന്ന** ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) സ.ഉ.(സാധാ) നമ്പർ 70/2013/പിസവിവ തീയതി 16.08.2013
2) സ.ഉ.(സാധാ) നമ്പർ 08/2018/പിവിവിവ തീയതി 02.02.2018
3) സ.ഉ.(സാധാ) നമ്പർ 49/2019/പിവിവിവ തീയതി 30.05.2019
4) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 24.09.2019 ലെ BCDIR/A1/363/2019 നമ്പർ വിജ്ഞാപനം
5)പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 05.11.2019 ലെ BCDIR/A1/363/2019 നമ്പർ ഉത്തരവ്
6) കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയക്ടറുടെ 25.05.2019 തീയതിയിലെ ഇമെയിൽ സന്ദേശം
(7) ഈ ഓഫിസിലെ 26.11.2019 തീയതിയിലെ BCDEKM/50/2019-A1നമ്പർ ഉത്തരവ്

---

ബിസിഡിഇകെഎം/50/2019-എ1 (1) തീയതി 26 .11.19

---

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മത്സര പരീക്ഷ പരിശീലന ധനസഹായ പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാമിന് 2019 - 20 വർഷത്തെ അപേക്ഷ ക്ഷണിച്ച് കൊണ്ട് പരാമർശം (4) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുകയിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് 3,76,30,000/- രൂപ, ബാങ്കിംഗ് പരിശീലനത്തിന് 20 ലക്ഷം രൂപ, സിവിൽ സർവ്വീസ് പരിശീലനത്തിന് 20 ലക്ഷം രൂപ, GATE/MAT പരിശീലനത്തിന് 16,25,000/- രൂപ, UGC/NET//JRF/ പരിശീലനത്തിന് 11,25,000/- രൂപ എന്നിങ്ങനെ പരിധി നിശ്ചയിച്ചും, പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം(5) പ്രകാരം ഉത്തരവായിരുന്നു.

നിശ്ചിത തീയതിയ്ക്കകം എറണാകുളം,കോഴിക്കോട് ഓഫീസുകളിൽ ലഭ്യമായ അപേക്ഷകളും,അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച് വെബ്സൈറ്റിൽ നിന്നും ഉദ്ധരിച്ചെടുത്ത പട്ടികയിൽ അപ്ഡേറ്റ് ചെയ്ത്, പരാമർശം(4) വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉയർന്ന മാർക്ക്,താഴ്ന്ന വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ /എഞ്ചിനീയറിംഗ് വിഭാഗത്തിൽ അർഹരായവരുടെ ആദ്യ ഘട്ട ഗുണഭോക്തൃ പട്ടികയും,ടി വിഭാഗത്തിലെ വെയ്റ്റിംഗ് ലിസ്റ്റും പരാമർശം(7) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ഫണ്ടിന്റെ പരിമിതിയ്ക്കുള്ളിൽ നിന്നുകൊണ്ട് ആനുകൂല്യം അനുവദിയ്ക്കുമ്പോൾ താഴ്ന്ന വരുമാനക്കാരും, വളരെ പിന്നാക്ക സാമ്പത്തിക സ്ഥിതിയിലുള്ളവരും, പഠനത്തിൽ താരതമ്യേന മികവ് പുലർത്തുന്നതുമായ കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാവാത്ത സ്ഥിതി ഉണ്ടാവുന്നതിന്റെ അടിസ്ഥാനത്തിൽ വിധവകളുടെ മക്കൾ, മാതാ പിതാക്കൾ നഷ്ടപ്പെട്ടവർ, മാരക രോഗം ബാധിച്ച രക്ഷിതാക്കളുടെ മക്കൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പൊതു മാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്തമായി തെരഞ്ഞെടുപ്പിൽ 10% അധികരിയ്ക്കാത്ത തരത്തിൽ

പ്രത്യേക പരിഗണന നൽകുന്നതിന് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം(2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2019-20 പദ്ധതിയിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് വിഭാഗത്തിൽ **പ്രത്യേക പരിഗണന അർഹിക്കുന്ന ഗുണഭോക്താക്കളുടെ** കരട് പട്ടികയും,ടി വിഭാഗത്തിലെ വെയ്റ്റിംഗ് ലിസ്റ്റും ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു( ഗുണഭോക്തൃ പട്ടിക അനുബന്ധമായി ചേർക്കുന്നു).

| ഇനം | താൽക്കാലിക ഗുണഭോതൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം | താൽക്കാലിക വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം | തുക |
|---|---|---|---|
| മെഡിക്കൽ /എഞ്ചിനീയറിംഗ് പരിശീലനംൾ **(പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം)** | 114 | 30 | 34,20,000/- |

പ്രസിദ്ധീകരിച്ച പട്ടികയിൽ ആക്ഷേപമുള്ളവർ അസ്സൽ രേഖകൾ സഹിതം ബന്ധപ്പെട്ട ഓഫീസുകളിൽ 04.12.2019 വൈകുന്നേരം 5 മണിക്കുമുമ്പായി ബന്ധപ്പെടേണ്ടതാണ്. ടി സമയ പരിധിയ്ക്കു ശേഷം വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.താൽക്കാലിക പട്ടികയ്ക്കു ശേഷം 06.12.2019 ന് അന്തിമ പട്ടിക പ്രസിദ്ധീകരിയ്ക്കുന്നതാണ്. ആയതിനു ശേഷം മെയിൻ ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് അർഹമായ തുക അവരവരുടെ ബാങ്ക് അക്കൌണ്ടുകളിലേയ്ക്ക് ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ്സിസ്റ്റം മുഖേന ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിയ്ക്കേണ്ടതാണ്.

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

**അനിൽ. ജി.**
**മേഖലാ ഡെപ്യൂട്ടി ഡയറക്ടർ**
**പിന്നാക്ക വിഭാഗ വികസന വകുപ്പ്**
**സിവിൽ സ്റ്റേഷൻ, കാക്കനാട്**
**എറണാകുളം - 682030**

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,പിന്നാക്ക വിഭാഗ വികസന വകുപ്പ് ,കോഴിക്കോട്

പകർപ്പ് :

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ് – തിരുവനന്തപുരം (ഉപരിപത്രം സഹിതം അറിവിലേയ്ക്കായി)
അക്കൌണ്ടന്റ് ജനറൽ എ&ഇ,കേരളം(ഉപരിപത്രം സഹിതം അറിവിലേയ്ക്കായി)
ജില്ലാ ട്രഷറി ആഫീസർ, എറണാകുളം
ഐ.ടി ഡിവിഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
എ1 സീറ്റ് (ബിൽ മാറി തുക ക്രെഡിറ്റ് ചെയ്യുന്നതിന്)
നോട്ടീസ് ബോർഡ്
കരുതൽ/അധികം

പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡയറക്ടറേറ്റ് എറണാകുളം